ENTRI

1 Crore User Downloads

# CURRENT AFFAIRS 28 JUNE 2024



▷ **ഭൂമിയിൽനിന്ന് നേരിട്ട് കാണാനാകാത്ത ചാന്ദ്രഭാഗത്തുനിന്ന് സാംപിൾ ശേഖരിച്ചു 2024 ജൂണിൽ ഭൂമിയിൽ വിജയകരമായി തിരിച്ചെത്തിയ ചൈനയുടെ ചാന്ദ്ര ദൗത്യം**

**ചാങ് ഇ-6**

- ഭൂമിയിൽനിന്ന് നേരിട്ട് കാണാനാകാത്ത ചാന്ദ്രഭാഗത്തുനിന്ന് സാംപിൾ ശേഖരിക്കുന്നതിനുള്ള ലോകത്തിലെ ആദ്യ ദൗത്യമാണ് ചാങ് ഇ-6.
- ചൈനയുടെ ആറാമത് ചാന്ദ്ര ദൗത്യമാണ് ചാങ് ഇ-6.
- 2024 മെയിൽ തെക്കൻ ദ്വീപ് പ്രവിശ്യയായ ഹൈനാനിലെ വെൻചാങ് ബഹിരാകാശ വിക്ഷേപണ കേന്ദ്രത്തിൽ നിന്ന് ലോങ് മാർച്ച്-5 റോക്കറ്റുപയോഗിച്ചായിരുന്നു വിക്ഷേപണം.

---



ഹർമൻപ്രീത് സിംഗ്

▷ **2024-ലെ പാരീസ് ഒളിമ്പിക്സിനുള്ള ഇന്ത്യൻ പുരുഷ ഹോക്കി ടീമിന്റെ ക്യാപ്റ്റനായി തിരഞ്ഞെടുക്കപ്പെട്ടത്**

**ഹർമൻപ്രീത് സിംഗ്**

---



ലൂക്കാ മോഡ്രിച്ച്

▷ **യൂറോകപ്പിൽ ഗോൾ നേടുന്ന ഏറ്റവും പ്രായം കൂടിയ താരം എന്ന നേട്ടം സ്വന്തമാക്കിയത്**

**ലൂക്കാ മോഡ്രിച്ച് (ക്രൊയേഷ്യൻ ഫുട്ബോൾ താരം)**

---



അരുന്ധതി റോയി

▷ **2024 ലെ പെൻ പിന്റർ പുരസ്കാരത്തിന് അർഹയായ സാഹിത്യകാരി**

**അരുന്ധതി റോയി**

- അഭിപ്രായസ്വാതന്ത്ര്യത്തിനായി നിലകൊള്ളുന്ന മനുഷ്യാവകാശസംഘടന ഇംഗ്ലീഷ് പെൻ, നൊബേൽ ജേതാവായ നാടകകൃത്ത് ഹരോൾഡ് പിന്ററുടെ പേരിൽ നൽകുന്ന പുരസ്കാരമാണ് പെൻ പിന്റർ പുരസ്കാരം.

---

▷ **സമൂഹത്തിലെ ഓരോ വ്യക്തിയുടെയും കുടുംബത്തിന്റെയും സമഗ്രമായ ക്ഷേമവും ഉന്നമനവും ഉറപ്പു വരുത്തിക്കൊണ്ട് ഓരോ കുടുംബത്തെയും സന്തോഷത്തിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ ആരംഭിക്കുന്ന കേന്ദ്രങ്ങൾ**

**ഹാപ്പിനെസ്സ് സെന്ററുകൾ**

---




▷ **സാഹിത്യകാരി പി. വത്സലയുടെ അവസാന നോവൽ**

**ചിത്രലേഖ**

- 2023 നവംബറിലാണ് പി. വത്സല അന്തരിച്ചത്.അതിനു മുൻപ് അവർ എഴുതി പൂർത്തിയാക്കിയ നോവലാണ് ചിത്രലേഖ.